ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

ATE : 04.03.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. സുസ്ഥിര വികസനത്തിന് വിഭവങ്ങൾ കൃത്യമായും കാര്യക്ഷമതയോടെയും കൈകാര്യം ചെയ്യണമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു.

   **President Droupadi Murmu emphasizes the need to handle resources for sustainable development efficiently and effectively.**

2. സ്വയം പര്യാപ്ത ഇന്ത്യ എന്ന ലക്ഷ്യത്തിലെത്താനുള്ള ശ്രമങ്ങളാണ് കേന്ദ്ര സർക്കാർ നടപ്പാക്കി വരുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi states that the central government's efforts are focused on achieving the goal of a self-reliant India.**

3. ഹൈബ്രിഡ് യുദ്ധവും, സൈബർ, ബഹിരാകാശ മേഖലകളിൽ ഉയർന്നു വരുന്ന അസാധാരണ ഭീഷണികളും സുരക്ഷാ സംവിധാനത്തിന് വെല്ലുവിളിയുയർത്തുന്നതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

   **Defense Minister Rajnath Singh highlights that hybrid warfare, cyber, and space-based obstacles poses challenges to the security apparatus.**

4. പ്രതിപക്ഷ ബഹളത്തെ തുടർന്ന് കേരള നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. ആഴക്കടൽ ധാതുഖനനവുമായി ബന്ധപ്പെട്ട നിയമഭേദഗതി സംബന്ധിച്ച പ്രമേയം ഐകകണ്ഠേന പാസ്സാക്കി.

   **The Kerala Legislative Assembly adjourned today due to opposition protests. A resolution on the amendment of the law related to deep-sea mining passed unanimously.**

5. ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിന്റെ ആദ്യ സെമിയിൽ ഓസ്ട്രേലിയയ്ക്കെതിരെ ഇന്ത്യക്ക് 265 റൺസ്

വിജയലക്ഷ്യം. ഐ.എസ്.എൽ ഫുട്ബോളിൽ എഫ്.സി ഗോവ -മുഹമ്മദൻ എസ്.സി പോരാട്ടം.

**In the Champions Trophy cricket, India aims for a target of 265 runs against Australia in the first semi-final. In ISL football, FC Goa to lock horns with Mohammedan SC.**

**&&&&&&&&&&&&&&**

## PREZ-IRS OFFICERS

സുസ്ഥിരവും എല്ലാവരെയും ഉൾകൊള്ളിച്ചുകൊണ്ടുമുള്ള വികസനത്തിന് വിഭവങ്ങൾ കൃത്യമായും കാര്യക്ഷമതയോടെയും കൈകാര്യം ചെയ്യണ മെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു. ഇന്ത്യൻ റവന്യൂ സർവീസ് ട്രെയിനി ഓഫീസർമാരെ രാഷ്ട്രപതിഭവനിൽ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. രാജ്യത്തെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുകയാണ്. ഡിജിറ്റൽ കണക്ടിവിറ്റിയടെ വിടവ് കുറഞ്ഞു വരികയാണെന്നും സാമ്പത്തിക അവസരങ്ങൾ കൂടുതൽ പേരിലേക്ക് എത്തുകയാണെന്നും രാഷ്ട്രപതി പറഞ്ഞു.

**&&&&&&&&&&&&&&**

## PREZ-VISITOR CONFERENCE

ഈ നൂറ്റാണ്ടിൻറെ ആദ്യ പകുതി അവസാനിക്കുന്നതിന് മുമ്പ് രാജ്യത്തെ വികസിത രാഷ്ട്രമാക്കുക എന്നതാണ് ലക്ഷ്യമെന്നും ഈ ലക്ഷ്യം നിറവേറ്റുന്നതിന് എല്ലാ വിദ്യാർത്ഥികളും വിദ്യാഭ്യാസ സ്ഥാപനങ്ങളും ആഗോള ചിന്താഗതിയോടെ മുന്നോട്ട് പോകണമെന്നും രാഷ്ട്രപതി ദ്രൗപദി മുർമ്മു. രാഷ്ട്രപതി ഭവനിൽ നടന്ന രണ്ടു ദിവസത്തെ വിസിറ്റേഴ്സ് കോൺഫറൻസിൻറെ സമാപനസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു രാഷ്ട്രപതി.

**&&&&&&&&&&&&&&**

## NEW. DAY PM-WEBINAR MSME(INTRO)

സ്വയം പര്യാപ്ത ഇന്ത്യ എന്ന ലക്ഷ്യത്തിലെത്താനുള്ള ശ്രമങ്ങളാണ് കേന്ദ്ര സർക്കാർ നടത്തുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. സാമ്പത്തിക അച്ചടക്കം, സുതാര്യത, എല്ലാവരുടെയും വളർച്ച എന്നിവയിലൂന്നി യുള്ള പരിഷ്കാരങ്ങളാണ് കഴിഞ്ഞ 10 വർഷത്തിനിടെ രാജ്യത്ത് നടപ്പാക്കിയതെന്നും പ്രധാനമന്ത്രി പറഞ്ഞു. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ, ഉത്പാദനം, കയറ്റുമതി, ആണവോർജ്ജ ദൗത്യങ്ങൾ,

നിക്ഷേപം, ബിസിനസ്സ് സുഗമമാക്കുന്നതിനുള്ള പരിഷ്കാരങ്ങൾ എന്നിവ സംബന്ധിച്ച ബജറ്റനന്തര വെബിനാറുകളിൽ പങ്കെടുക്കുകയായിരുന്നു പ്രധാനമന്ത്രി.

**(ഹോൾഡ് വോയ്സ്........)**

സുസ്ഥിര നയങ്ങളും നല്ല വ്യവസായ അന്തരീക്ഷവും വളർച്ചയ്ക്ക് നിർണായകമാണെന്നും പ്രധാനമന്ത്രി പറഞ്ഞു.

**&&&&&&&&&&&&&&**

# PM BELGIUM PRINCESS

ബെൽജിയൻ രാജകുമാരി ആസ്ട്രിഡ് ഇന്ന് ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തി. ഇന്ത്യയിലേക്കുള്ള മുന്നൂറ് അംഗ സാമ്പത്തിക ദൗത്യത്തിന് നേതൃത്വം നൽകുന്ന ബെൽജിയൻ രാജകുമാരിയ്ക്ക് പ്രധാനമന്ത്രി സമൂഹ മാധ്യമത്തിൽ നന്ദി പറഞ്ഞു. വ്യാപാരം, സാങ്കേതികവിദ്യ, പ്രതിരോധം, കൃഷി, ജീവശാസ്ത്രം, അക്കാദമിക് വിനിമയങ്ങൾ എന്നിവയിലെ പുതിയ പങ്കാളിത്തങ്ങളിലൂടെ ഇരു രാജ്യങ്ങളിലെയും ജനങ്ങൾക്ക് പരിധിയില്ലാത്ത അവസരങ്ങൾ ലഭ്യമാക്കാൻ ആഗ്രഹിക്കുന്നതായും അദ്ദേഹം പറഞ്ഞു.

**&&&&&&&&&&&&&&**

# VAISHNAW - IIMC

വിദ്യാർത്ഥികൾ അവരുടെ പ്രവർത്തികളിൽ ശ്രദ്ധ കേന്ദ്രീകരിക്കണ മെന്നും ലക്ഷ്യത്തിൽ പ്രതിജ്ഞാബദ്ധരായിരിക്കണ മെന്നും കേന്ദ്ര വാർത്താവിനിമയ പ്രക്ഷേപണ മന്ത്രി അശ്വിനി വൈഷ്ണവ്. ന്യൂഡൽഹിയിൽ നടന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻറെ 56-ാമത് ബിരുദദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

**&&&&&&&&&&&&&&**

# NIYAMASABHA

പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന്, നടപടികൾ വേഗത്തിൽ പൂർത്തിയാക്കി കേരള നിയമസഭ ഇന്നത്തേക്ക് പിരിഞ്ഞു. ആശാ പ്രവർത്തരുടെ ആവശ്യങ്ങളിൽ സർക്കാർ നടപടി ആവശ്യപ്പെട്ട്

പ്രതിപക്ഷത്തു നിന്നും രാഹുൽ മാങ്കൂട്ടത്തിൽ ഉപക്ഷേപത്തിന് നോട്ടീസ് നൽകിയിരുന്നു. 23 ദിവസമായി സെക്രട്ടേറിയറ്റിന് മുന്നിൽ സമരം ചെയ്യുന്ന ആശാ പ്രവർത്തകരെ മുഖ്യമന്ത്രിയും ആരോഗ്യ മന്ത്രിയും ഗൗനിക്കുന്നില്ലെന്ന് പ്രതിപക്ഷം ആരോപിച്ചു. എന്നാൽ ആശാ പ്രവർത്തകർക്ക് രാജ്യത്ത് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്നത് കേരള സർക്കാരാണെന്ന് മന്ത്രി വീണ ജോർജ് മറുപടി നൽകി. മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഉപക്ഷേപത്തിന് സ്പീക്കർ അനുമതി നിഷേധിക്കുകയായിരുന്നു. ആശമാരുടെ പ്രശ്നങ്ങൾ മുഖ്യമന്ത്രി നേരിൽ കേട്ട് പരിഹരിക്കണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ വാക്കൗട്ട് പ്രസംഗത്തിൽ ആവശ്യപ്പെട്ടു. പ്രതിഷേധത്തെ തുടർന്ന് പിരിഞ്ഞ സഭ ഈ മാസം 10 ന് വീണ്ടും സമ്മേളിക്കും.

&&&&&&&&&&&&&&

## MINING

കേരളാ തീരത്തെ ആഴക്കടൽ ധാതുഖനനവുമായി ബന്ധപ്പെട്ട് നിയമഭേദഗതി ഉപേക്ഷിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം കേരള നിയമസഭ ഐകകണ്ഠേന പാസ്സാക്കി. മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രമേയം അവതരിപ്പിച്ചത്. പ്രതിപക്ഷ ബഹളത്തിനിടെ പ്രമേയം സഭ വേഗത്തിൽ പാസ്സാക്കുകയായിരുന്നു.

&&&&&&&&&&&&&&

## REV CEC-CEO CONFERENCE

രാജ്യത്തെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർമാരും, ഉദ്യോഗസ്ഥരും സുതാര്യമായി പ്രവർത്തിക്കണമെന്നും നിയമപരമായ എല്ലാ കർത്തവ്യങ്ങളും കൃത്യമായി നിറവേറ്റണമെന്നും മുഖ്യ തെരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാർ. സംസ്ഥാന - കേന്ദ്രഭരണ പ്രദേശങ്ങളിലെ മുഖ്യ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരുടെ രണ്ട് ദിവസത്തെ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&

## RAJNATH-DRDO (INTRO)

ഹൈബ്രിഡ് യുദ്ധവും, സൈബർ, ബഹിരാകാശ മേഖലകളിൽ ഉയർന്നു വരുന്ന അസാധാരണ ഭീഷണികളും സുരക്ഷാ സംവിധാനത്തിന്

വെല്ലുവിളികളുയർത്തുന്നതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ അഡ്വാൻസ്ഡ് ടെക്നോളജീസ് ഫോർ ഇന്റേണൽ സെക്യൂരിറ്റി സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രതിരോധ ഗവേഷണ വികസന രംഗത്തെ ഡി.ആർ.ഡി.ഓ യുടെ സംഭാവനകളെ അദ്ദേഹം പ്രശംസിച്ചു. കേന്ദ്ര സായുധ പോലീസ് സേനയുടെയും മറ്റ് സുരക്ഷാ ഏജൻസികളുടെയും നവീകരണത്തിനായി DRDO നിരവധി സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുത്തിട്ടുണ്ടെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

(ഹോൾഡ് വോയ്സ്.....)

&&&&&&&&&&&&&&

## NADDA NHM MEETING

ദേശിയ ആരോഗ്യ മിഷന്റെ ഭാഗമായുള്ള, മിഷൻ സ്റ്റിയറിംഗ് ഗ്രൂപ്പിൻറെ 9-ാമത് യോഗത്തിൽ കേന്ദ്ര ആരോഗ്യമന്ത്രി ജെ പി നദ്ദ അധ്യക്ഷത വഹിച്ചു. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തി ലാണ് യോഗം സംഘടിപ്പിച്ചത്. ആരോഗ്യ സംരക്ഷണ സംവിധാന ങ്ങൾ മെച്ചപ്പെടുത്തൽ, ആരോഗ്യ ദൗത്യ ലക്ഷ്യങ്ങൾ കൈവരി ക്കുന്നത് ലക്ഷ്യമിട്ടുള്ള നയ ചട്ടക്കൂടുകൾ, പ്രവർത്തന തന്ത്രങ്ങൾ, സാമ്പത്തിക മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ചുള്ള നിർണായക ചർച്ചകൾ യോഗത്തിൽ നടന്നു.

&&&&&&&&&&&&&&

## CHIRAG- AAHAR

ആഗോള ഭക്ഷ്യ ആവശ്യങ്ങൾ നിറവേറ്റാൻ ഇന്ത്യയ്ക്കാകുമെന്ന് കേന്ദ്ര ഭക്ഷ്യ സംസ്കരണ മന്ത്രി ചിരാഗ് പാസ്വാൻ. ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടന്ന ആഹാർ മേളയുടെ ഉദ്ഘാടന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

&&&&&&&&&&&&&&

## CHAMPIONS TROPHY

ചാമ്പ്യൻസ് ട്രോഫി ക്രിക്കറ്റിന്റെ ആദ്യ സെമിയിൽ ഓസ്ട്രേലിയയ്ക്കെതിരെ ഇന്ത്യക്ക് 265 റൺസ് വിജയലക്ഷ്യം. ടോസ് നേടി ബാറ്റിംഗ് തെരഞ്ഞെടുത്ത ഓസ്ട്രേലിയ നിശ്ചിത 50 ഓവർ

അവസാനിക്കാൻ മൂന്ന് പന്ത് ബാക്കി നിൽക്കെ എല്ലാവരും പുറത്തായി. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 16 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 82 റൺസ് നേടി.

&&&&&&&&&&&&&&

# ISL

ഐ.എസ്.എൽ ഫുട്ബോളിൽ ഇന്ന് എഫ്.സി ഗോവ മുഹമ്മദൻ എസ്.സി യെ നേരിടും. ഗോവയിലാണ് മത്സരം.

&&&&&&&&&&&&&&

# UN-ARINDAM BAGCHI

ജമ്മു കശ്മീരിനെയും മണിപ്പൂരിനെയും കുറിച്ച് യുഎൻ മനുഷ്യാവകാശ സമിതി മേധാവി വോൾക്കർ ടർക്ക് നടത്തിയ പരാമർശം തള്ളി ഇന്ത്യ. പരാമർശങ്ങൾ അടിസ്ഥാന രഹിതമാണെന്നും ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമാണ് ഇന്ത്യയെന്നും യുഎന്നിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി അരിന്ദം ബാഗ്ചി പറഞ്ഞു.

&&&&&&&&&&&&&&

# EU-UKRAINE DEFENCE

യൂറോപ്പിൻറെ പ്രതിരോധ വ്യവസായവും സൈനിക ശേഷിയും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി അവതരിപ്പിച്ച് യൂറോപ്യൻ കമ്മീഷൻ പ്രസിഡൻറ് ഉർസുല വോൺ ഡെർ ലെയ്ൻ. റീ-ആം യൂറോപ്പ് എന്ന പദ്ധതിയിലൂടെ പ്രതിരോധ ചെലവിനായി 841 ബില്യൺ ഡോളറിലധികം സമാഹരിക്കാൻ കഴിയുമെന്ന് അവർ പറഞ്ഞു. ഈ മാസം നടക്കാനിരിക്കുന്ന യൂറോപ്യൻ നേതാക്കളുടെ അടിയന്തിര യോഗത്തിന് മുന്നോടിയായാണ് പ്രഖ്യാപനം. അതേസമയം, യുക്രെയ്ൻ പ്രസിഡൻറ് വോളോഡിമർ സെലെൻസ്കി സമാധാന ചർച്ചകൾക്ക് തയ്യാറാണെങ്കിൽ അതിനായുള്ള വാതിൽ തുറന്നിരിക്കുമെന്ന് യുഎസ് വൈസ് പ്രസിഡൻറ് ജെ.ഡി. വാൻസ് പറഞ്ഞു. യുക്രെയ്നുള്ള എല്ലാ സൈനിക സഹായങ്ങളും അടുത്തിടെ യു എസ് നിർത്തലാക്കിയിരുന്നു.

&&&&&&&&&&&&&&

# US PREZ-CONGRESS

യു എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ് നാളെ കോൺഗ്രസിൻറെ സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്യും. പ്രസിഡൻറായി രണ്ടാം വട്ടവും തിരഞ്ഞെടുക്കപ്പെട്ട ശേഷമുള്ള അദ്ദേഹത്തിൻറെ ആദ്യ കോൺഗ്രസ് അഭിസംബോധന ആയിരിക്കും ഇത്.

&&&&&&&&&&&&&&

## STATE CABINET

1961-ലെ 'ദി കേരള നോൺ ട്രേഡിങ് കമ്പനീസ് ആക്ട്' ഭേദഗതി ചെയ്യുന്നതിനായുള്ള 'കമ്പനീസ് ആക്ട് (ഭേദഗതി) കരട് ബിൽ കേരളാ നോൺട്രേഡിംഗ് -2025' ന് സംസ്ഥാന മന്ത്രിസഭായോഗം അംഗീകാരം നൽകി. 2013ലെ കമ്പനീസ് ആക്ടിലെ റീജിയണൽ ഡയറക്ടർ എന്ന അപ്പീൽ അധികാരിക്ക് പകരം ജോയ്ൻറ് ഇൻസ്പെക്ടർ ജനറൽ ഓഫ് രജിസ്ട്രേഷൻ എന്ന ഉദ്യോഗസ്ഥനെ അപ്പീൽ അധികാരിയായി നിയമിക്കുന്നത് സംബന്ധിച്ചാണ് ഭേദഗതി.

&&&&&&&&&&&&&&

## WOMEN-PANCHAYATI RAJ

രാജ്യത്തെ 1.4 ദശലക്ഷത്തോളം വനിതകൾ പഞ്ചായത്തിരാജ് സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതായി കേന്ദ്രമന്ത്രി രാജീവ് രഞ്ജൻ സിംഗ്. തിരഞ്ഞെടുക്കപ്പെട്ട വനിതാ പ്രതിനിധികൾ ക്കായുള്ള ദേശീയ സമ്മേളനത്തിൽ, സശക്ത് പഞ്ചായത്ത്-നേത്രി അഭിയാൻറെ ഉദ്ഘാടന പരിപാടിയെ ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

&&&&&&&&&&&&&&
&&&&&&&&&&
&&&&&&
&&&